പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5717 — 24.05.2017 ൽ മറുപടിയ്ക്ക്

വാതിൽപ്പടി റേഷൻവിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അടൂർ പ്രകാശ് | ശ്രീ. പി. തിലോത്തമൻ |
| ശ്രീ. വി.പി.സജീന്ദ്രൻ | (ഭക്ഷ്യവും സിവിൽ സപ്ലൈസും |
| ശ്രീ. ഷാഫി പറമ്പിൽ | വകുപ്പ് മന്ത്രി) |
| ശ്രീ. അനൂപ് ജേക്കബ് : | |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വാതിൽപ്പടി റേഷൻവിതരണം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് പൂർണ്ണ തോതിൽ നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള വാതിൽപ്പടി വിതരണം തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ള ഏഴ് ജില്ലകളിൽ ജൂൺ മാസം മുതൽ ആരംഭിക്കുന്നതാണ്.<br>2018 ജനുവരി മാസത്തോടെ ഭക്ഷ്യഭദ്രതാ നിയമം നിഷ്കർഷിക്കുന്നതനുസരിച്ച് മുഴുവൻ കാര്യങ്ങളും എല്ലാ ജില്ലകളിലും പൂർത്തിയാക്കി (ജി.പി.എസ്., ഇ-പോസ്, മുതലായവ) പൂർണ്ണതോതിൽ ഭക്ഷ്യധാന്യവിതരണവും മേൽനോട്ടവും, ഇവ ജനങ്ങളിലെത്തുന്നു എന്ന് ഉറപ്പാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായി കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് ഭക്ഷ്യ പൊതു വിതരണ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; | (ബി) യും (സി) യും (ഡി) യും | ഇക്കാര്യത്തിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇതുമൂലമുണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത കണക്കാക്കിയിട്ടുണ്ടോ; വിവരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | റേഷൻ പൊതുവിതരണം കമ്പ്യൂട്ടർ വത്ക്കരിക്കുമ്പോൾ ഉണ്ടാകുന്ന അധിക ജീവനക്കാരെ പുനർവിന്യസിക്കാനാണോ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ